FMIS - website

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2018 - പ്രളയക്കെടുതികളിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം - ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് വാസയോഗ്യമായ ഭൂമി കണ്ടെത്തി വീടുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.**530/2018/ഡി.എം.ഡി.** തിരുവനന്തപുരം, തീയതി, **10/10/2018**

---

പരാമർശം: 1. സ.ഉ (കൈ) നം.07/2018/ഡി.എം.ഡി തീയതി 21.06.2018

2. സ.ഉ (സാധാ) നം.486/2018/ഡി.എം.ഡി തീയതി 06.09.2018

**<u>ഉത്തരവ്</u>**

2018-ലെ പ്രളയക്കെടുതികളുടെ ഭാഗമായി സംസ്ഥാനത്തെ നിരവധി വീടുകൾക്ക് വലിയ നാശനഷ്ടം സംഭവിക്കുകയുണ്ടായി. പരാമർശം (1) പ്രകാരം പ്രളയത്തിൽ തകർന്ന വീടുകൾക്ക് താഴെപ്പറയുന്ന വിധമുള്ള നഷ്ടപരിഹാരത്തുകകൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമായി അനുവദിക്കുന്നതിന് ഉത്തരവായിരുന്നു.

16/10/18

2) പ്രളയക്കെടുതിയിൽ പൂർണ്ണമായും തകർന്നതോ (fully damaged) വാസയോഗ്യമല്ലാതായതോ (severely damaged, greater than 75%) ആയ വീടുകൾക്ക്, വീട്ടുടമകൾ തന്നെ വീട്ടു പുനർനിർമ്മിക്കുമെന്ന വ്യവസ്ഥയിൽ, 4,00,000/- (നാലുലക്ഷം രൂപ മാത്രം) ആശ്വാസ ധനസഹായവും, ഭൂമി പൂർണ്ണമായും നഷ്ടപ്പെട്ടു പോയവർക്കും നിലവിലുള്ള സ്ഥലം വീട്ടുനിർമ്മാണത്തിന് അനുയോജ്യമല്ലാതായവർക്കും, സ്വന്തമായി കേരളത്തിൽ എവിടെയും വീട്ടു വയ്ക്കാവുന്ന വേറെ സ്ഥലം ഇല്ലാത്ത പക്ഷം സ്ഥലം വാങ്ങുന്നതിനായി 6,00,000/- (ആറുലക്ഷം രൂപ വരെ മാത്രം) രൂപയോ പ്രമാണത്തിലുള്ള തുകയോ, ഏതാണോ കുറവ് അതും അനുവദിക്കുന്നതിനാണ് ഉത്തരവായിരുന്നത്.

3) 2018 ലെ പ്രകൃതി ദുരന്ത പ്രഹരത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിന്, അനുയോജ്യമായ ഭൂമി കണ്ടെത്തി, വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പരാമർശം (2) പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതനുസരിച്ച് താഴെപ്പറയുന്ന തുടർനടപടികൾ കളക്ടർമാർ ഉടൻ തന്നെ സ്വീകരിക്കേണ്ടതാണ്.

(1) പാരിസ്ഥിതികമായി ദുർബ്ബലവും, വീട്ടു നിർമ്മിക്കുന്നതിന് അനുമതി നൽകാനാകാത്തതുമായ പ്രദേശങ്ങൾ തിരിച്ചറിയുകയും അവിടെയുള്ളവരെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കുന്നതിനു പദ്ധതി രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

(2) ഭൂമി പൂർണ്ണമായും നഷ്ടപ്പെട്ടു പോയവരിലും പാരിസ്ഥിതിക ദുർബ്ബല പ്രദേശങ്ങളിൽ നിന്നു മാറ്റിപ്പാർപ്പിക്കേണ്ടിവരുന്നവരിലും വച്ച് സ്വന്തമായി ഭൂമി വാങ്ങാൻ തയ്യാറുള്ളവർക്ക് അതിന് അവസരം നൽകുകയും നിബന്ധനപ്രകാരമുള്ള ധനസഹായം നൽകുകയും ചെയ്യേണ്ടതാണ്.

(3) മേൽ വിഭാഗത്തിൽപ്പെട്ടവരേയും സ്വന്തമായി ഭൂമി വാങ്ങാനാകാത്ത കുടുംബങ്ങളേയും പുനരധിവസിപ്പിക്കാൻ ആവശ്യമായ ഭൂമി കണ്ടെത്തേണ്ടതാണ്. അതിനായി സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ നിലവിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി, വിവിധ സർക്കാർ വകുപ്പുകൾ ഏതെങ്കിലും പദ്ധതികൾക്കായി നീക്കി വച്ചിട്ട് നിലവിൽ ആവശ്യമില്ലാതെ കിടക്കുന്ന ഭൂമി, നിലവിൽ ഫലദായകമല്ലാത്ത പ്ലാന്റേഷനുകൾ തുടങ്ങിയവയും സംഭാവനയായി ലഭിക്കാവുന്ന ഭൂമിയും പരിഗണിക്കേണ്ടതാണ്.

(4) മേൽപ്പറഞ്ഞ പ്രകാരം ഭവന നിർമ്മാണത്തിന് ആവശ്യമായ വിസ്തൃതിയിൽ ഭൂമി ലഭ്യമാകുന്ന ഇടങ്ങളിൽ ആയത് 3 മുതൽ 5 സെന്റ് വീതം പതിച്ച് നൽകുകയും തുടർന്ന് വീടുകൾ നിർമ്മിക്കുന്നതിനുള്ള സഹായം നൽകുകയും ചെയ്യേണ്ടതാണ്.

(5) എന്നാൽ മേൽപ്പറഞ്ഞ വിധത്തിൽ ലഭ്യമാക്കാനാകുന്ന ഭൂമി പരിമിതവും പുനരധിവസിപ്പിക്കേണ്ടവരുടെ എണ്ണം ഏറെയുമുള്ളയിടങ്ങളിൽ, ലഭ്യമായ ഭൂമിയിൽ ബഹുനില ഭവന സമുച്ചയങ്ങൾ, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് വേഗത്തിൽ പൂർത്തിയാക്കി, ഭൂരഹിതരായ കുടുംബങ്ങളെ പുനരധിവസിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഗുണഭോക്താക്കളുമായി ആവശ്യമായ കൂടിയാലോചന നടത്തേണ്ടതാണ്.

3) ഖണ്ഡിക 2-ലെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി പരാമർശിതമായ രീതികളിൽ ലഭ്യമാകാത്തയിടങ്ങളിൽ ഭവന സമുച്ചയനിർമ്മാണത്തിനായി പരാമർശം (1)ലെ നിബന്ധനകൾക്ക് വിധേയമായി ഭൂമിവാങ്ങുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ഇതിനായി വാങ്ങുന്ന ഭൂമി പാരിസ്ഥിതികമായി ദുർബ്ബലപ്രദേശമോ, വെള്ളപ്പൊക്ക ബാധിതമാകാൻ ഇടയുള്ളതോ ആകരുത്. ഭൂമി വിലയാധാരമായി നൽകാൻ തയ്യാറുള്ളവരിൽ നിന്നും പരാമർശം (1)ൽ നിശ്ചയിച്ചിട്ടുള്ള തുകയ്ക്കുള്ളിൽ നിന്നു വേണം വിലനിർണ്ണയിക്കേണ്ടത്. (അതായത് രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഉൾപ്പെടെ പരമാവധി 6 ലക്ഷം രൂപ വരെ) ഇപ്രകാരം വാങ്ങുന്ന ഭൂമി ഭാര്യ ഭർത്താവിൽ നിന്നോ മറിച്ചോ, മക്കൾ മാതാപിതാക്കളിൽ നിന്നോ വാങ്ങാൻ പാടില്ല.

4) ലാന്റ് റവന്യൂ കമ്മീഷണർ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ക്രോഡീകരിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**പി.എച്ച് കുര്യൻ**

അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഭവന നിർമ്മാണ വകുപ്പ്

ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് ) വകുപ്പ്
ഗ്രാമവികസന വകുപ്പ്
വെബ് & ന്യൂ മീഡിയ (പ്രസിദ്ധികരണത്തിനായി)
റവന്യൂ (എ / ബി / എൽ / എൻ/ യു) വകുപ്പുകൾക്ക് (അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ